38

# വിജയത്തിന്റെ അപകടം

***വായനാ ഭാഗം #15***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

V. യേശുവിന്റെ മൂന്നാമത്തെ ഗലീലീസന്ദർശനം (പന്തിരുവർക്ക് നിർദ്ദേശം കൊടുക്കലും) (മത്താ. 9:35–38; 10:1–42;[1] 11:1; മർക്കൊ. 6:6–13; ലൂക്കൊ. 9:1–6).

W. യേശുവിലുള്ള ഹെരോദാവിന്റെ താല്പര്യം (യോഹന്നാൻ സ്നാപകന്റെ മരണവിവരവും) (മത്താ. 14:1–12; മർക്കൊ 6:14–29; ലൂക്കൊ. 9:7–9).

X. ഹെരോദാവിന്റെ പ്രദേശത്തുനിന്ന് യേശുവിന്റെ മാറിപ്പോകൽ (മടങ്ങിവരവും).

1. പന്തിരുവരുടെ തിരിച്ചുവരവും ഗലീലാ കടലിന്റെ കിഴക്കേ കരയിലേക്ക് വിടവാങ്ങലും (മത്താ. 14:12, 13; മർക്കൊ. 6:30–32; ലൂക്കൊ. 9:10; യോഹ. 6:1).

**മുഖവുര**

മഹത്തായ ഗലീലാ ശുശ്രൂഷയുടെ അവസാനത്തോടു നാം അടുത്തിരിക്കുന്നു. ഈ പാഠത്തിൽ, യേശുവും അവന്റെ ശിഷ്യന്മാരും ഗലീലയിലേക്ക്[2] അവസാനയാത്ര നടത്തുന്നതായി നാം കാണും. ആ സന്ദർശനം വിജയമായിരുന്നു, എന്നാൽ ആ വിജയം അപകടം കൊണ്ടുവന്നു – കാരണം അത് ക്രിസ്തുവിനെ രാജ്യം[3] വാണിരുന്ന, ഹെരോദാ രാജാവിന്റെ ശ്രദ്ധയിലേക്കു കൊണ്ടുവന്നു. ഹെരോദാ രാജാവ് അടുത്ത സമയത്ത് യോഹന്നാൻ സ്നാപകന്റെ തല ഛേദിക്കുകയും, അതിന്റെ ഭയം എങ്ങും അലയടിക്കുകയും ചെയ്തിരുന്നു. യേശുവിന്റെ ശിഷ്യന്മാർ ദേശമെങ്ങും സഞ്ചരിച്ച് മടങ്ങിവന്ന ഉടനെ, അവർ രാജാവിന്റെ അധീനതാ പ്രദേശങ്ങളിൽ നിന്ന് പിൻവാങ്ങി – ഗലീലാ കടലിന്റെ കിഴക്കേ തീരത്തേക്കു പോയി. അവിടെ വെച്ചു യേശു അയ്യായിരം പേരെ[4] പോഷിപ്പിച്ചു. അത് അവന്റെ ശ്രുതി ഇരട്ടിയാക്കി.

അയ്യായിരം പേരെ പോഷിപ്പിക്കുന്നതും തുടർന്നുള്ള സംഭവങ്ങളും അടുത്ത പാഠത്തിൽ നാം പഠിക്കും. ഈ പാഠത്തിൽ, മൂന്നാം ഗലീലാ സന്ദർശനത്തിന്റെ വിജയത്തെയും ആ വിജയം ക്രിസ്തുവിനും അവന്റെ ശിഷ്യന്മാർക്കും വരുത്തിയ അപകടത്തെയും നാം നോക്കും.

### വിജയകരമായ ഒരു സന്ദർശനം (മത്താ. 9:35-38; 10:1-42; 11:1; മർക്കൊ. 6:6-13; ലൂക്കൊ. 9:1-6)

#### ആ പ്രവൃത്തിയുടെ വലിപ്പം (മത്താ. 9:35-38; മർക്കൊ. 6:6)

അവന്റെ സമയം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞതുകൊണ്ട്, യേശു

ഒരു ഗലീലാ സന്ദർശനം കൂടെ നടത്തുവാൻ ആഗ്രഹിച്ചു, അതു അവനെ അനുഗമിക്കുവാൻ ആ പ്രദേശത്തുള്ള ഓരോരുത്തർക്കും അവസരം നൽകേണ്ടതിനായിരുന്നു. മർക്കൊസ് 6:6 ലളിതമായി പറയുന്നു, “അവൻ ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ട് സഞ്ചരിച്ചുപോന്നു.” മത്തായിയുടെ വിവരണം കൂടുതൽ ആഴത്തിലുള്ള ഒരു സാരം നൽകുന്നുണ്ട്: “യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ചു, അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും, സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു” (9:35).

തന്നെ കേൾക്കുവാൻ വന്നവരെ ക്രിസ്തു നോക്കിയപ്പോൾ, “അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു, അവരെ കുറിച്ചു മനസ്സലിഞ്ഞു” (മത്തായി 9:36).[5] ദൈവജനം ആത്മീയനേതൃത്വത്തിന്റെ കുറവു നിമിത്തം വിഷമിക്കുമ്പോൾ പഴയനിയമത്തിൽ അതേഭാഷ ഉപയോഗിച്ചിട്ടുണ്ട് (സംഖ്യാപുസ്തകം 27:17; 1 രാജാക്കന്മാർ 22:17; യെഹെസ്കേൽ 34:5).

മുൻപ്, യേശു തന്റെ ശിഷ്യന്മാരോടു, ശമര്യക്കാരെ സംബന്ധിച്ചു പറഞ്ഞു, “... നിങ്ങൾ തല പൊക്കി നോക്കിയാൽ, നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നതു കാണും” (യോഹന്നാൻ 4:35). ഇവിടെ ഗലീലക്കാരെ കുറിച്ച് തത്തുല്യമായ ഒരു ഉപമയാണ് അവൻ ഉപയോഗിച്ചത് – “കൊയ്ത്തു വളരെ ഉണ്ടു” – അതോടൊപ്പം ഈ ദുഃഖകരമായ കുറിപ്പും ചേർക്കുന്നു: “വേലക്കാരോ ചുരുക്കം” (മത്തായി 9:37). അവൻ പറഞ്ഞു, “ആകയാൽ കൊയ്ത്തിന്റെ[6] യജമാനനോടു കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ” (മത്തായി 9:38). തന്റെ സഹദേശക്കാരായ ആളുകളെ കണ്ടെത്തേണ്ടതിന് ക്രിസ്തുവിന് സഹായം ആവശ്യമായിരുന്നു.

### ആശയക്കുഴപ്പത്തിനുള്ള പരിഹാരം
### (മത്താ. 10:1-42; മർക്കൊ. 6:7-11; ലൂക്കൊ. 9:1-5)

ആ പ്രദേശത്തിലെ പട്ടണങ്ങളിലേക്ക് തന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരെ അയച്ചുകൊണ്ട് വേലക്കാരുടെ ന്യൂനതക്കുള്ള പരിഹാരം യേശു കണ്ടെത്തി. അത് രണ്ട് ഉദ്ദേശങ്ങൾക്കുവേണ്ടിയായിരുന്നു. ഒന്ന്, ആ പ്രദേശത്തുള്ള എല്ലാവർക്കും “രാജ്യത്തിന്റെ സുവിശേഷം” കേൾക്കുവാനുള്ള അവസരം അത് ഉറപ്പാക്കി (മത്തായി 9:35). രണ്ട്, അത് പന്ത്രണ്ടുപേർക്ക് വിലയേറിയ പരിശീലനം നൽകി – ക്രിസ്തു അവരോടുകൂടെ ഇല്ലാതിരിക്കുന്ന സമയത്ത് അവർക്ക് ആവശ്യമായ പരിശീലനം. യേശുവിന്റെ ആദ്യത്തെ ഗലീലാ സന്ദർശന സമയത്ത്, അവനോടുകൂടെ വളരെ കുറച്ചു ശിഷ്യന്മാരേ[7] ഉണ്ടായിരുന്നുള്ളൂ. രണ്ടാമത്തെ സന്ദർശന സമയത്ത്, അവൻ ഉപദേശിക്കുന്നതും ശുശ്രൂഷിക്കുന്നതും നിരീക്ഷിക്കുവാൻ, പന്ത്രണ്ടുപേർ അവനോടൊപ്പം[8] ഉണ്ടായിരുന്നു. അവരെ സ്വയമായി[9] പ്രവർത്തിക്കുവാൻ അയക്കേണ്ടതിന് സമയമായി.

വിജയത്തിന് ഒരുക്കം അനിവാര്യമാണ്. തന്റെ ജോലിക്കാരെ അവരുടെ പ്രധാന ജോലിക്കായി തയ്യാറാക്കുന്നതിൽ ക്രിസ്തു പരാജയപ്പെട്ടില്ല:

(1) അപ്പൊസ്തലന്മാരെ തയ്യാറാക്കുവാൻ, അവരെ അവൻ സംഘടിപ്പിച്ചു. അവൻ അവരെ ഈരണ്ടുപേർ വീതമായി ഭാഗിച്ചു (മർക്കൊസ് 6:7). മത്തായി 10:2–4ൽ കൊടുത്തിട്ടുള്ള അപ്പൊസ്തലന്മാരുടെ ലിസ്റ്റു പരിശോ

ധിച്ചാൽ, അവരെ ജോഡികളായി തിരിച്ചിരുന്നു എന്നു കാണാം. യേശു അവരെ എങ്ങനെ അയച്ചു എന്ന് ഇതു സൂചിപ്പിക്കുന്നു. ഈരണ്ടുപേരായി അയച്ചതിൽ നിന്ന് അവരുടെ സന്ദേശത്തിന്റെ ഗൗരവത്തെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു (ആവർത്തനപുസ്തകം 17:6; 19:15; മത്തായി 18:16; യോഹന്നാൻ 8:17; 2 കൊരിന്ത്യർ 13:1; 1 തിമൊഥെയൊസ് 5:19). അത് അവർക്ക് പരസ്പര ശക്തിയും നൽകി (സഭാപ്രസംഗി 4:12 നോക്കുക). രണ്ടുപേർക്കും പരസ്പരം ജോലിയിൽ സഹായിക്കുവാനും, അന്യോന്യം പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞു.

ഓരോ ടീമും എവിടെ പോകണമെന്നതിനെ കുറിച്ചുള്ള ചുമതലകളും ക്രിസ്തു നൽകിക്കാണും. മത്തായി 11:1–ൽ യേശു തന്നെയും "അതതു പട്ടണങ്ങളിൽ" പോയി സുവിശേഷം പ്രസംഗിച്ചു എന്നു പറയുന്നത്, അവർക്ക്[10] ചുമതല കൊടുത്ത പട്ടണങ്ങളെയാകാം (ലൂക്കൊസ് 10:1 മായി താരതമ്യം ചെയ്യുക). ആ സന്ദർശനം എത്ര കാലം നീണ്ടുനിൽക്കണമെന്നും അപ്പൊസ്തലന്മാർ എവിടെ പോകണമെന്നും എപ്പോൾ അത് അവസാനിപ്പിക്കണമെന്നുമുള്ള ഉടമ്പടിയും എടുത്തിരിക്കാൻ സാധ്യതയുണ്ട് (മർക്കൊസ് 6:30; ലൂക്കൊസ് 9:10 നോക്കുക).

(2) അപ്പൊസ്തലന്മാരെ തയ്യാറാക്കുന്നതിന്, അവൻ അവർക്കുവേണ്ട നിർദ്ദേശങ്ങൾ[11] നൽകി. ആ ഒരുക്കത്തിന്റെ ഏറ്റവും മുഖ്യഭാഗം യേശുവിന്റെ അനേകവിഷയങ്ങൾ അടങ്ങിയ നിർദ്ദേശമായിരുന്നു.

*എന്തുചെയ്യണമെന്ന് അവൻ അവരോടു പറഞ്ഞു*. അവരെ യെഹൂദന്മാരുടെ അടുക്കൽ പോകുവാനേ അനുവദിച്ചുള്ളൂ (മത്തായി 10:5, 6). പിന്നീട്, അവർ ''വേറെ ആടുകളെ'' കുറിച്ചും കരുതേണ്ടിയിരുന്നു (ജാതികൾ; യോഹന്നാൻ 10:16 നോക്കുക). ആ യാത്രയിൽ, എങ്ങനെ ആയാലും, അവർ ശ്രദ്ധിക്കേണ്ടത് "ഇടയനില്ലാത്ത ആടുകളെ" ആയിരുന്നു (മത്തായി 9:36) – അതായത് "യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾ" (മത്തായി 10:6).[12]

ആ പന്ത്രണ്ടുപേർ യെഹൂദന്മാരുടെ അടുക്കൽ ചെന്നപ്പോൾ, അവർ ഉപദേശിക്കേണ്ടിയിരുന്നു. സ്വർഗ്ഗരാജ്യം ''സമീപിച്ചിരിക്കുന്നു'' എന്ന സുവാർത്തയാണ് അവർ പ്രസംഗിക്കേണ്ടിയിരുന്നത് (മത്തായി 10:7). അവർ ആളുകളോടു "മാനസാന്തരപ്പെടുവാൻ" കൽപിക്കണമായിരുന്നു (മർക്കൊസ് 6:12; മത്തായി 4:17 നോക്കുക). അവർ യേശുവിനെ[13] കുറിച്ച് ആളുകളോടു പറയേണ്ടിയിരുന്നു.

കൂടാതെ, അവർ സഞ്ചരിക്കുകയും ഉപദേശിക്കുകയും ചെയ്തപ്പോൾ, അവർ അത്ഭുതങ്ങളും ചെയ്യേണ്ടിയിരുന്നു (ലൂക്കൊസ് 9:6 നോക്കുക). യേശു അവരോടു പറഞ്ഞു, "രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിപ്പിൻ,[14] കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ" (മത്തായി 10:8). ഒരു നിമിഷത്തിനുശേഷം അതിനെ കുറിച്ച് കൂടുതലായി ഞാൻ പറയാം.

*എന്തെടുക്കണമെന്ന് അവൻ അവരോടു പറഞ്ഞു*. അവർ കഷ്ടിച്ച് ആവശ്യമുള്ളത് എടുത്തുകൊണ്ട് അവർ പോയിരുന്ന[15] സ്ഥലത്തെ അതിഥിസൽക്കാരം സ്വീകരിക്കണമായിരുന്നു. "വേലക്കാരൻ തന്റെ ആഹാരത്തിന്നു യോഗ്യനല്ലോ" എന്ന് അവൻ പറഞ്ഞു (മത്തായി 10:10). ഈ വിധത്തിൽ, അവരുടെ ജോലിയുടെ അടിയന്തിര സ്വഭാവത്തെ ക്രിസ്തു ഊന്നി പറഞ്ഞു.

ജീവിതത്തിന്റെ ആവശ്യങ്ങൾക്കായി കർത്താവിൽ ആശ്രയിപ്പാനും അവൻ അവരെ ഉപദേശിച്ചു (നോക്കുക ലൂക്കൊസ് 22:35; മത്തായി 6:33).

*എന്തു പ്രതീക്ഷിക്കണമെന്നും അവൻ അവരോടു പറഞ്ഞു.* അവരുടെ സന്ദേശം ചിലർ കൈക്കൊള്ളും (മത്തായി 10:11, 13), എന്നാൽ പലരും അതിനെ തള്ളിക്കളയും (മത്തായി 10:13, 14, 16, 17, 21, 22, 24, 25).

*എങ്ങനെ പ്രതികരിക്കണമെന്നും അവൻ അവരോടു പറഞ്ഞു.* അവർ ചെയ്യരു*താത്ത* ചില കാര്യങ്ങൾ ഉണ്ടായിരുന്നു. അവരെയും അവരുടെ സന്ദേശത്തെയും തള്ളിക്കളഞ്ഞവർക്കുവേണ്ടി അവർ സമയം പാഴാ*ക്കരുത*ായിരുന്നു. യേശു പറഞ്ഞു, "ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും, നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ, ആ വീടോ പട്ടണമോ വിട്ടു പോകുമ്പോൾ, നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവിൻ" (മത്തായി 10:14). ആ സമയത്ത്, കാലിലെ പൊടി അവർ തട്ടിക്കളയുന്നത് ആലങ്കാരികമായി തള്ളിക്കളയലിനെ[16] സൂചിപ്പിക്കുന്ന പ്രവർത്തി ആയിരുന്നു. ആളുകൾ ദൈവ സന്ദേശം തള്ളിക്കളയുമ്പോൾ, ദൈവവും അവരെ തള്ളിക്കളയും എന്ന സൂചനയാണ് അതു നൽകിയത്.

ത്യജിക്കൽ സംഭവിക്കുമ്പോൾ അവർ ഭയപ്പെട*രുതാ*യിരുന്നു (മത്തായി 10:26, 28). അവരുടെ വിശ്വാസം ധീരതയോടെ പ്രസ്താവിക്കുവാൻ ക്രിസ്തു വെല്ലുവിളി നൽകി (മത്തായി 10:27) കൂടാതെ അവൻ വാഗ്ദാനവും നൽകി, "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനെയും, സ്വർഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ, എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്തായി 10:32, 33). ആ വാഗ്ദാനങ്ങൾ കർത്താവിനെ[17] സംബന്ധിച്ചുള്ള ഏതൊരു ഏറ്റു പറച്ചിലിനെയും (അല്ലെങ്കിൽ തള്ളിക്കളയൽ) ബാധിക്കുന്നതാണ്; ഈ സന്ദർഭത്തിൽ, മനുഷ്യരുടെ മുമ്പിൽ അവനെ ദിനം–തോറുമുള്ള–സമ്മതിക്കൽ (അല്ലെങ്കിൽ ത്യജിക്കൽ) ഉൾപ്പെടുന്നു.

ത്യജിക്കലിനോടുള്ള പ്രതികരണമായി ആ പന്ത്രണ്ടു പേർ ചെയ്യേണ്ട ചില കാര്യങ്ങളും ഉണ്ടായി*രുന്നു.* അവർ മനുഷ്യരാൽ ത്യജിക്കപ്പെടുമെങ്കിലും, ദൈവം അവരെ തള്ളിക്കളയുകയില്ല, എന്ന് അവർ അറിയേണ്ടിയിരുന്നു. അവരെ അപ്പോഴും അവൻ കരുതും (മത്തായി 10:29–31). അവരെ തള്ളിക്കളയുന്നതു അവരെ അയച്ചവനെ തള്ളിക്കളയുന്നതിനു തുല്യമാണെന്ന് അവർ മനസിലാക്കേണ്ടിയിരുന്നു (മത്തായി 10:40 നോക്കുക). ആകയാൽ അവരെ കൈക്കൊള്ളുന്നവർ അനുഗ്രഹിക്കപ്പെടുകയും, അവരെ തള്ളിക്കളയുന്നവർ ശപിക്കപ്പെടുകയും ചെയ്യും (മത്തായി 10:13–15).

(3) അപ്പൊസ്തലന്മാരെ പരിശീലിപ്പിക്കുവാൻ, യേശു വെറുതെ അവരെ സംഘടിപ്പിച്ച് നിർദ്ദേശം നല്കുകയായിരുന്നില്ല; അവൻ അവരെ അധികാരപ്പെടുത്തുക കൂടെ ചെയ്തു. അവരുടെ കൃത്യനിർവ്വഹണത്തിനു ആവശ്യമായതെല്ലാം അവൻ നല്കി. പരിമിത ആജ്ഞ നല്കുവോളം, യേശു മാത്രമായിരുന്നു അത്ഭുതങ്ങൾ ചെയ്തിരുന്നത്, എന്നാൽ ഇപ്പോൾ അത്ഭുതങ്ങൾ ചെയ്യുവാൻ അവൻ അപ്പൊസ്തലന്മാരെയും പ്രാപ്തരാക്കി: അവൻ "അശുദ്ധാത്മാക്കളെ[18] പുറത്താക്കുവാനും, സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും, അവർക്ക് അധികാരം കൊടുത്തു" (മത്തായി 10:1; നോക്കുക മർക്കൊസ് 6:7; ലൂക്കൊസ് 9:1). കൂടാതെ, അവർക്ക് ആവശ്യമായ പ്രോത്സാഹനത്തിനുള്ള ഉറപ്പും നല്കി:

എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ, എങ്ങിനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ടാ; പറവാനുള്ളതു ആ നാഴികയിൽ തന്നേ നിങ്ങൾക്ക് ലഭിക്കും. പറയുന്നതു നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ (മത്തായി 10:19, 20).

യേശു അപ്പൊസ്തലന്മാരെ എങ്ങനെ പരിശീലിപ്പിച്ചു എന്നു കാണുമ്പോൾ, രണ്ടോ–അല്ലെങ്കിൽ–മൂന്നോ–ആഴ്ച്ച നീണ്ട ഗലീലാ പ്രദേശങ്ങളിലെ സന്ദർശനം മാത്രമായിരുന്നില്ല അവന്റെ മനസിലുണ്ടായിരുന്നത് എന്നു വ്യക്തമാണ്. "നാടുവാഴികൾക്കും രാജാക്കന്മാർക്കും" "ജാതികൾക്കും" ഉള്ള സൂചനകളും (മത്തായി 10:18) അതോടൊപ്പം അനേകം ഉപദ്രവങ്ങളെ മുന്നറിയിച്ചിട്ടുള്ളതും (മത്തായി 10:17, 18, 21–23, 34–39), സഭ[19] സ്ഥാപിച്ചതിനെ തുടർന്നുള്ള അപ്പൊസ്തലന്മാരുടെ പ്രവൃത്തിയെയും പെരുമാറ്റത്തെയുമാണ് ചൂണ്ടിക്കാണിക്കുന്നത്.

മത്തായി 10–ൽ യേശു പരിമിത ആജ്ഞ[20] നല്കിയപ്പോൾ, അവൻ വിശദമായ നിർദ്ദേശങ്ങൾ നല്കി; എന്നാൽ അവൻ മത്തായി 28:18–20 ൽ[21] മഹത്തായ ആജ്ഞ നല്കിയപ്പോൾ, അതിന്റെ ഫലമായി, അവൻ പറഞ്ഞു, "അതു ചെയ്യുക!"[22] ഒരുപക്ഷെ അതിനു കാരണമെന്തെന്നാൽ പ്രസംഗിക്കുമ്പോൾ എന്തു ചെയ്യണമെന്നും എന്തു പ്രതീക്ഷിക്കണമെന്നും അവൻ മുൻപ് ശിഷ്യന്മാരോടു പറഞ്ഞിരുന്നതുകൊണ്ടാകാം – മത്തായി 10 പോലെയുള്ള വേദഭാഗങ്ങളിൽ.

മത്തായി 10–ൽ പ്രത്യേകമായി നല്കിയ ചിലതു ഇന്നു നമുക്കു ബാധകമല്ല. നാം പോകേണ്ടതു യെഹൂദന്മാരുടെ അടുക്കൽ മാത്രമല്ല (മത്തായി 28:19; മർക്കൊസ് 16:15). അപ്പൊസ്തലന്മാരെ അത്ഭുതം ചെയ്യുവാനായി പ്രാപ്തരാക്കിയതുപോലെ നമ്മെ പ്രാപ്തരാക്കിയിട്ടില്ല, നാം സംസാരിക്കുമ്പോൾ നമ്മെ ദൈവശ്വാസിയരുമാക്കുന്നില്ല. നാം മറ്റു സ്ഥലങ്ങളിൽ പ്രസംഗിക്കുവാൻ[23] പോകുമ്പോൾ കുറച്ചോ അല്ലെങ്കിൽ ഒന്നും തന്നെ എടുക്കരുതെന്ന് ആവശ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും, മത്തായി 10–ലെ പല തത്വങ്ങളും ഇരുപത്തി–ഒന്നാം നൂറ്റാണ്ടിലും വിലയുള്ളതാണ്.

നാം ലോകത്തിലേക്ക് സുവിശേഷവുമായി പോകുന്നതിനുമുൻപ്, നമുക്കും, തയ്യാറെടുപ്പും സംഘടിക്കലും ആവശ്യമാണ്. യേശുവിന്റെ സംഘടിപ്പിക്കൽ വിപുലമായിരുന്നില്ല. അതുപോലെ, നമ്മുടേതും കഴിവതും ലളിതമായിരിക്കണം. പ്രവൃത്തി ചെയ്യേണ്ടതിനുള്ള സംഘടിപ്പിക്കൽ ഏറ്റവും ചുരുങ്ങിയതായിരിക്കണം. "സംഘടിപ്പിക്കൽ നടത്തുന്നതിനു" ധാരാളം സമയം ചിലവഴിക്കാൻ സാധ്യതയുള്ളതുകൊണ്ട് നമുക്ക് പ്രവൃത്തിക്കുവാൻ സമയം ലഭിക്കുകയില്ല. സാമാന്യ ബുദ്ധിയനുസരിച്ച് ഓരോ ദിവസവും ക്രമപ്പെടുത്തുക. മത്തായി 10:16–ലെ ജ്ഞാനമുള്ള വാക്കുകൾ പരിഗണിക്കുക.

ഗൗരവമായി പരിഗണിക്കേണ്ട ക്രിസ്തുവിന്റെ സംഘടിപ്പിക്കൽ നിർദ്ദേശത്തിലുള്ള ഒരു വിശദാംശം എന്തെന്നാൽ അവൻ അപ്പൊസ്തലന്മാരെ ഈരണ്ടീരണ്ടായി അയക്കുന്നതാണ്. ഒരു നിയമമായി, മിഷ്ണറിമാരെ ഒരു ടീമായി അയക്കുന്നതിൽ വളരെ പ്രാധാന്യമുണ്ട്.

നാം മറ്റുള്ളവരിലേക്ക് സുവിശേഷവുമായി പോകുന്നതിനു മുൻപ് നമുക്ക് ഇപ്പോഴും തയ്യാറെടുപ്പ് ആവശ്യമാണ്. "നിർദ്ദേശങ്ങൾ കൊടുത്ത*ശേഷ*മാണ്" യേശു പന്ത്രണ്ടു അപ്പൊസ്തലന്മാരെ അയച്ചത് (വാ. 5;

എംഫസിസ് മൈൻ; 11:1 കൂടെ നോക്കുക). എല്ലാവർക്കും എന്തു ചെയ്യേണമെന്നും എങ്ങനെ ചെയ്യേണമെന്നും അറിയാമെന്നു കരുതരുത്. നിർദ്ദേശത്തെ[24] ഒരിക്കലും നിസാരമായി കാണരുത്. കൂടാതെ, നാം സുവിശേഷം അറിയിക്കുമ്പോൾ ദൈവം നമ്മെ സൂക്ഷിക്കുമെന്നു തിരിച്ചറിയേണ്ടതുണ്ട് (10:28–31), നാം അവസാനത്തോളം സഹിച്ചുനിൽക്കേണ്ടതിന് പ്രോത്സാഹനം അപ്പോഴും ആവശ്യമാണ് (വാ. 22).

**പരിശ്രമത്തിന്റെ വിജയം (മത്താ. 11:1; മർക്കൊ. 6:12, 13; ലൂക്കൊ 9:6)**

തന്റെ നിർദ്ദേശങ്ങൾ യേശു കൊടുത്തുകഴിഞ്ഞശേഷം, അപ്പൊസ്തലന്മാർ ഈരണ്ടായി ആറ് ടീമുകളായി പുറപ്പെട്ടുപോയി. “അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു. വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്ക് എണ്ണ തേച്ചു സൗഖ്യം വരുത്തുകയും ചെയ്തു” (മർക്കൊസ് 6:12, 13). ആദ്യമായി, അവർ തങ്ങളുടെ യജമാനൻ ചെയ്തതുപോലെയുള്ള പല അത്ഭുത പ്രവർത്തികളും ചെയ്യുവാൻ തുടങ്ങി. അവർ ആവേശഭരിതരായി[25] തീർന്നത് നിങ്ങൾക്കു കാണുവാൻ കഴിയുന്നുണ്ടോ!

അവർ പുറപ്പെട്ടു പോയശേഷം, ക്രിസ്തു തന്റെ സന്ദർശനം പുനരാരംഭിച്ചു (മത്തായി 11:1). ഇപ്പോൾ, ഗലീലാ ദേശത്ത് ഒരു ടീം മുഖാന്തരം, ഉപദേശിക്കയും സൗഖ്യമാക്കുകയും ചെയ്തിരുന്നതിനുപകരം, ഏഴ് ടീമുകളായി!

## ഗൗരവമായ ഒരു ഭീഷണി (മത്താ. 14:1-12; മർക്കൊ. 6:14-29; ലൂക്കൊ. 9:7-9)

**ഹെരോദാവു പെട്ടെന്ന് അറിഞ്ഞു**

മുൻപ് പറഞ്ഞതുപോലെ, ഹെരോദാ രാജാവായിരുന്നു ഗലീലാ വാണിരുന്നത്. ഇത് ഹെരോദാവു അന്തിപ്പാസായിരുന്നു, അവൻ കുപ്രസിദ്ധനും മഹാനുമായിരുന്ന[26] ഹെരോദാവിന്റെ മകനായിരുന്നു. ക്രിസ്തു പന്ത്രണ്ടു പേരെ അയക്കുന്നതിനുമുൻപ്, രാജാവ് യേശുവിന്റെ പ്രവർത്തിയെ അത്ര കാര്യമാക്കിയിരുന്നില്ല. ഒരു നിയമമായി, “കാർഷിക നവോത്ഥാനക്കാർ” ആളുകളെ പ്രലോഭിപ്പിച്ച് മത്സരത്തിനിറക്കാത്തിടത്തോളം, ഗവൺമെന്റു അവരെ കരുതിയിരുന്നില്ല. ഇപ്പോൾ, സുവിശേഷകരായ ഏഴു ടീമുകൾ അവന്റെ പ്രദേശത്തിൽ തലങ്ങുംവിലങ്ങും സഞ്ചരിച്ചപ്പോൾ, ഹെരോദാവിനു ആ പുതിയ പ്രസ്ഥാനത്തെ കണ്ടില്ലെന്നു നടിക്കുവാൻ കഴിഞ്ഞില്ല.

മത്തായിയുടെ വിവരണം പറയുന്നു, “ആ കാലത്തു ഇടപ്രഭുവായ ഹെരോദാരാജാവു യേശുവിന്റെ ശ്രുതി കേട്ടു” (14:1). മർക്കൊസിന്റെ വിവരണത്തിൽ, പന്ത്രണ്ടു പേരുടെ പ്രവർത്തികളുടെ ചുരുക്കവിവരണശേഷം (6:13), അവൻ എഴുതി, “ഇങ്ങനെ അവന്റെ പേർ [അതായത്, യേശുവിന്റെ പേർ] പ്രസിദ്ധമായി വരികയാൽ, ഹെരോദാരാജാവു കേട്ടിട്ടു” (6:14). അപ്പൊസ്തലന്മാരുടെ വിജയത്തെ കുറിച്ച് ലൂക്കൊസ് എഴുതി (9:6) അതിനുശേഷം പറഞ്ഞു, “സംഭവിക്കുന്നതു എല്ലാം ഇടപ്രഭുവായ ഹെരോദാരാജാവു കേട്ടു; ഹെരോദാവു ചഞ്ചലിച്ചു ...” (9:7).

**ഹെരോദാവു വേദനയോടെ ചഞ്ചലപ്പെട്ടു**

യേശുവിനെ കുറിച്ച് ആളുകൾ പറയുന്നത് ഹെരോദാവിന്റെ ചെവിയിൽ എത്തി: അവൻ ഏലിയാവാണെന്നു ചിലർ പറഞ്ഞു; അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ മറ്റൊരു പ്രവാചകനാണെന്നു വേറെ ചിലർ വിശ്വസിച്ചു (ലൂക്കൊസ് 9:8; മർക്കൊസ് 6:15).[27] എങ്ങനെയായാലും, രാജാവിനെ അസ്വസ്ഥമാക്കിയത്, ചിലർ ഇങ്ങനെ പറഞ്ഞതായിരുന്നു, "യോഹന്നാൻ സ്നാപകൻ മരിച്ചവരുടെ[28] ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു, അതുകൊണ്ടു ഈ ശക്തികൾ അവനിൽ[29] വ്യാപരിക്കുന്നു" (മർക്കൊസ് 6:14; നോക്കുക ലൂക്കൊസ് 9:7). ഇതാണ് ഹെരോദാവിനെ അസ്വസ്ഥമാക്കിയത് കാരണം അവൻ യോഹന്നാനെ ശിരഛേദം ചെയ്തിട്ടു അധികനാൾ കഴിഞ്ഞിരുന്നില്ല.[30]

ഒരു വർഷമോ മറ്റോ മുൻപ്[31] തന്റെ ഭാര്യയുടെ ആവശ്യപ്രകാരം പ്രവാചകനെ ഹെരോദാവു തടവിലാക്കിയിരുന്നു. രാജാവ് തന്റെ അർത്ഥ സഹോദരൻ ഫിലിപ്പൊസിന്റെ ഭാര്യയായ ഹെരോദ്യയെ, പ്രലോഭിപ്പിച്ച് ഫിലിപ്പൊസിൽനിന്ന് അകറ്റി, അവളെ വിവാഹം കഴിച്ചു (മത്തായി 14:3). മഹാനായിരുന്ന ഹെരോദാവിന്റെ പിൻഗാമി ആയിരുന്നു ഹെരോദ്യ; അവൾ ഹെരോദാവിന്റെ അർത്ഥ–സഹോദര പുത്രി ആയിരുന്നു.[32] ഹെരോദാവു അന്തിപ്പാസ് അവളെ വിവാഹം കഴിച്ചത് പല ലേവ്യ നിയമങ്ങളെയും[33] ലംഘിച്ചുകൊണ്ടായിരുന്നു. ഹെരോദാവിനോടു "അവൾ നിനക്കു ഭാര്യയായിരിക്കുന്നതു വിഹിതമല്ല" (വാ. 4) എന്നു പറയുവാൻ, യോഹന്നാന് ധൈര്യമുണ്ടായിരുന്നു – അത് ഹെരോദ്യയെ കോപാകുലയാക്കി (മർക്കൊസ് 6:19).[34]

ഹെരോദ്യക്ക് യോഹന്നാനെ മരണത്തിന്ന് വിധിക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും (മർക്കൊസ് 6:19), ഹെരോദാവിനു അത്രത്തോളം ചെയ്യുവാൻ മടിയായിരുന്നു – ഒരു പ്രവാചകനെ കൊന്നാൽ പ്രജാക്ഷോഭം വരുത്തിവയ്ക്കും എന്നതായിരുന്നു ഭയത്തിനുള്ള കാരണം (മത്തായി 14:5 നോക്കുക). കൂടാതെ, അവന് യോഹന്നാനോടു അനിഷ്ടത്തോടെയുള്ള ബഹുമാനവും ഉണ്ടായിരുന്നു. മർക്കൊസ് എഴുതിയത് "യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ, എന്നു ഹെരോദാവു അറിഞ്ഞു അവനെ ഭയപ്പെടുകയും, അവനെ കാത്തുകൊൾകയും ചെയ്തു" (6:20) എന്നാണ്. മർക്കൊസ് പിന്നെ ഈ അതിശയകരമായ കുറിപ്പും ചേർത്തു: "അവന്റെ വചനം കേട്ടിട്ടു, വളരെ കലങ്ങിയെങ്കിലും; സന്തോഷത്തോടെ കേട്ടുപോന്നു" (വാ. 20).[35] ആകർഷണീയ രാജവസ്ത്രം ധരിച്ച ഹെരോദാവിന്റെ മുന്നിൽ, ചണവസ്ത്രധാരിയായ യോഹന്നാൻ നിൽക്കുന്നത് ഊഹിക്കുവാൻ പ്രയാസമില്ല. രാജാവിനു നേരെ പ്രവാചകൻ വിരൽ ചൂണ്ടിയപ്പോൾ അവന്റെ മുഖത്ത് രൂപപ്പെട്ട ആ കലങ്ങിയ ഭാവം എനിക്കുകാണാം. ലിവിങ് ബൈബിൾ പരാവർത്തനം പറയുന്നത് "യോഹന്നാനോടു സംസാരിക്കുമ്പോൾ ഒക്കെയും ഹെരോദാവിനു അസ്വസ്ഥത നേരിട്ടിരുന്നു, എന്നാലും യോഹന്നാനെ കേൾക്കുവാൻ അവൻ ഇഷ്ടപ്പെട്ടു" എന്നാണ്.

ഹെരോദ്യയിൽനിന്ന് യോഹന്നാനെ ഹെരോദാവു കാത്തു – എന്നാൽ രാജാവു തന്റെ ജന്മദിന ആഘോഷം നടത്തിയ നിർഭാഗ്യകരമായ ദിവസം വരെ ആയിരുന്നു ആ സംരക്ഷണം (മത്തായി 14:6; മർക്കൊസ് 6:21). മദോന്മത്തനായി ഇരിക്കുമ്പോൾ,[36] നൃത്തം ചെയ്യുവാനായി ഹെരോദ്യയുടെ മകൾ വിരുന്നുശാലയിലേക്കു വന്നു (മത്തായി 14:6; മർക്കൊസ് 6:22). ആ പെൺകുട്ടിയുടെ പേർ ശലോമി എന്നാണെന്ന് ജോസെഫസ് പറഞ്ഞു. അവളുടെ

നൃത്തസ്വഭാവത്തെ[37] തുറന്നു പറഞ്ഞാൽ ലാളിത്യത്തിനു എതിരായതായി രുന്നു. ഹെരോദ്യ മകളെ ഈ വിധത്തിൽ ഉപയോഗിച്ചത് അവളുടെ ദുഷിച്ച പദ്ധതികൾ[38] നടപ്പിൽവരുത്തുവാൻ ആയിരുന്നു എന്ന വസ്തുതയും, രാജാവു തന്റെ മുൻവിവാഹത്തിലെ മകളെ മദോന്മത്തരുടെ മുൻപാകെ ഈ വിധത്തിൽ നൃത്തം ചെയ്യുവാൻ അനുവദിച്ചു എന്ന വസ്തുതയും, ഹെരോദാ കുടുംബത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നതായിരുന്നു.

വേദപുസ്തകം പറയുന്നതു ശലോമിയുടെ നൃത്തം "ഹെരോദാവി നെയും വിരുന്നുകാരെയും പ്രസാദിപ്പിച്ചു" (മർക്കൊസ് 6:22) എന്നാണ്. നൃത്തം അവരെ എന്തുകൊണ്ടു "പ്രസാദിപ്പിച്ചു" എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. രാജാവു പെൺകുട്ടിയോടു പറഞ്ഞു (മദ്യ ലഹരിയോടെയുള്ള അവന്റെ ശബ്ദം എനിക്കു കേൾക്കാം), ''മനസ്സുള്ളതു എന്തെങ്കിലും എന്നോടു ചോദിച്ചുകൊൾക നിനക്കു തരം'' (മർക്കൊസ് 6:22). അവൻ സത്യം ചെയ്തു പറഞ്ഞു, "എന്തു ചോദിച്ചാലും, രാജ്യത്തിൽ പകുതിയോളം ആയാലും; നിനക്കു തരാം"[39] (മർക്കൊസ് 6:23; മത്തായി 14:7 നോക്കുക).

എന്തൊരു വാഗ്ദാനം! നിങ്ങളോടു ഒരു രാജ്യത്തിന്റെ "പകുതിയോ ളം" വാഗ്ദാനം ചെയ്താൽ എന്തായിരിക്കും നിങ്ങളുടെ ആവശ്യം?[40] ശലോമി മടിച്ചില്ല. "അവൾ അമ്മയുടെ ഉപദേശപ്രകാരം," യോഹന്നാൻ സ്നാപകന്റെ തല "ഒരു താലത്തിൽ" തരേണം എന്നു അവൾ പറഞ്ഞു (മത്തായി 14:8).[41] അവന്റെ മരണ വിവരം ഹെരോദ്യ ആഗ്രഹിച്ചില്ല; അതു ചിലപ്പോൾ മിഥ്യ യാകാൻ[42] സാധ്യതയുണ്ട്. അവന്റെ ശരീരം കാണുവാനും അവൾ താൽപ ര്യപ്പെട്ടില്ല; ഒരു മരണരംഗം ചിലപ്പോൾ അഭിനയമാകാം. അവൻ ശിരസ് ഛേദിക്കപ്പെട്ടവനായി കാണുമ്പോൾ, അവന്റെ ജീവനുള്ള രക്തം ഞരമ്പുക ളിൽനിന്നെല്ലാം വാർന്നുപോകുന്നത് കണ്ടാൽ, മാത്രമേ അവൾക്കു സമാ ധാനം ലഭിക്കൂ. കൂടാതെ, പ്രവാചകന്റെ ശിരസ് "ഉടനെ" അവൾ ആഗ്ര ഹിച്ചു (മർക്കൊസ് 6:25) – ഹെരോദാവിന്റെ മനസ്സ് മാറുന്നതിനുമുൻപ് അതു നടത്തുവാനാണ് അവൾ ആഗ്രഹിച്ചത്.

രാജാവിനു ഉടനെ ദുഃഖം അനുഭവപ്പെട്ടു; തന്റെ പ്രതിജ്ഞക്കു സാക്ഷ്യം വഹിച്ചവരുടെ മുൻപിൽ നിന്നു തന്റെ "മുഖം രക്ഷിക്കുന്ന" തിനു പകരം, യോഹന്നാന്റെ ശിരസ് ഛേദിക്കുവാൻ അവൻ കൽപന കൊടുത്തു. ആ പ്രവൃത്തി പെട്ടെന്നു നടന്നു:

> ഉടനെ രാജാവു ഒരു അകമ്പടിയെ അയച്ചു അവന്റെ തല കൊണ്ടുവരു വാൻ കൽപിച്ചു. അവൻ പോയി തടവിൽ അവനെ ശിരഃഛേദം ചെയ്തു, അവന്റെ തല ഒരു തളികയിൽ കൊണ്ടുവന്നു, ബാലെക്കു കൊടുത്തു; ബാല അമ്മെക്കു കൊടുത്തു (മർക്കൊസ് 6:27, 28).

ആ പ്രവർത്തി ഹെരോദ്യക്കു സന്തോഷം ഉണ്ടാക്കിക്കാണും, എന്നാൽ അത് ഹേരോദാവിന്റെ മനസ്സിൽ സമാധാനമില്ലാതാക്കി. താൻ ചെയ്തതിൽ രാജാവു "ദുഃഖിച്ചു" (മത്തായി 14:9). ഹെരോദാവിനു ഒരു മനസാക്ഷി ഉണ്ടാ യിരുന്നതായി ഊഹിക്കുവാൻ പ്രയാസമാണ്, എന്നാൽ ചുരുങ്ങിയത് അവൻ അങ്ങേയറ്റം ആശ്വാസരഹിതനായിരുന്നു. അതുകൊണ്ടു, പുരുഷാരത്തിന്റെ ഊഹാപോഹവും അന്ധവിശ്വാസവും അവൻ കേട്ടപ്പോൾ, അവന്റെ മന സ്സിൽ അനിഷ്ടസൂചന നിറഞ്ഞു. മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്

"'ഞാൻ തലവെട്ടിച്ച, യോഹന്നാൻ ആകുന്നു അവൻ, അവൻ ഉയിർത്തെഴു ന്നേറ്റിരിക്കുന്നു' എന്നു, പറഞ്ഞു!" (മർക്കൊസ് 6:16; മത്തായി 14:2 നോക്കുക).

**ഹെരോദാവു അപകടകരമായ ആകാംക്ഷയിൽ**

അവൻ വാസ്തവത്തിൽ യോഹന്നാൻ ആണോ എന്ന് അറിഞ്ഞു തന്റെ മനസ്സിനെ തൃപ്തിപ്പെടുത്തേണ്ടതിന് യേശുവിനെ കാണേണ്ടതുണ്ടെന്ന് ഹെരോദാവു തീരുമാനിച്ചു (ലൂക്കൊസ് 9:9). ലൂക്കൊസ് എഴുതിയത് "അവനെ കാണ്മാൻ ശ്രമിച്ചു" എന്നാണ്. നിങ്ങൾ ഈ വാക്കുകൾ വായിക്കുമ്പോൾ, ഹെരോദാവിന്റെ ഗലീലയിലെ നടത്തിപ്പിനുണ്ടായിരുന്ന ശക്തികൾ മനസ്സിൽ സൂക്ഷിക്കുക. ക്രിസ്തുവിന്റെതുപോലെയുള്ള ഒരാളുടെ പരസ്യ ശുശ്രൂഷ ഹെരോദാവിനു സാധാരണ കണ്ടുപിടിക്കുവാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല.

ഈ ആവശ്യപ്പെടാത്ത ആഗ്രഹിക്കാത്ത ഇടപെടൽ യേശുവിന് അപകടം വരുത്തുന്നതായിരുന്നു. പശുക്കളുടെ ഒരു മേച്ചിൽ സ്ഥലത്തുകൂടെ നിങ്ങൾ നടക്കുകയാണെങ്കിൽ, നിങ്ങൾ കാളകളുടെ ശ്രദ്ധ പിടിച്ചു പറ്റാൻ നോക്കുകയില്ല. നിങ്ങൾ കടന്നലിന്റെ കൂട്ടിനടുത്താണെങ്കിൽ, ആ കുത്തി വേദനിപ്പിക്കുന്ന ജീവികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നത് മണ്ടത്തരമാണ്. എന്റെ അയൽപക്കത്ത് ഒരു ഉപദ്രവകാരി താമസിക്കുന്നുണ്ടെങ്കിൽ, ഞാൻ ഒരു പക്ഷെ എന്റെ ശ്രദ്ധപോലും കൊടുക്കുവാൻ ആഗ്രഹിക്കുകയില്ല.

ഹെരോദാവു യേശുവിനെ കാണുവാൻ ആഗ്രഹിച്ചത് വൃഥാവായില്ല എന്ന് നാം പിന്നീടു പഠിക്കും. ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷയുടെ അവസാന ആഴ്ച്ചയിൽ, നാം വായിക്കുന്നത് രാജാവ് "അവനെ കാൺമാൻ വളരെ കാലമായി ഇച്ഛിച്ചു, അവൻ വല്ല അടയാളവും ചെയ്യുന്നതു കാണാം എന്നു ആശിച്ചിരുന്നു (ലൂക്കൊസ് 23:8). യേശുവിനെ കുറിച്ച് വിവരം തേടിയശേഷം, ക്രിസ്തു അവനു ഭീഷണി ആണെന്നു കണ്ടാൽ, തീർച്ചയായും അവനെ കൊല്ലുവാൻ കൽപിക്കുമായിരുന്നു (നോക്കുക ലൂക്കൊസ് 13:31–33).[43] അതെ, ക്രിസ്തുവിന്റെ പ്രവൃത്തിയിലുള്ള രാജാവിന്റെ താൽപര്യം വാസ്തവത്തിൽ ഭീഷണി ഉയർത്തുന്നതു ആയിരുന്നു.

## തന്ത്രപ്രധാനമായ ഒരു പിൻവലിയൽ
## (മത്താ. 14:12, 13; മർക്കൊ. 6:30-32; ലൂക്കൊ. 9:10; യോഹ. 6:1)

**ഒരു ആവശ്യമായ വിവരം**

അതിനിടയിൽ, യേശു തന്റെ സന്ദർശനം അവസാനിപ്പിച്ചു, അവനും അവന്റെ ശിഷ്യന്മാരും വീണ്ടും ഒത്തുചേർന്നു.[44] "അപ്പൊസ്തലന്മാർ മടങ്ങിവന്നിട്ടു," അവരെ "അവൻ കൂട്ടിക്കൊണ്ടു; തങ്ങൾ ചെയ്തതു ഒക്കെയും അവനോടു അറിയിച്ചു" (ലൂക്കൊസ് 9:10; മർക്കൊസ് 6:30; മത്തായി 14:12 നോക്കുക). ആ "അറിയിക്കൽ" അവരുടെ പരിശീലനത്തിന് പ്രാധാന്യമുള്ളതായിരുന്നു. അവർ ചെയ്തതു ഒക്കെയും പറയേണ്ടത് ആവശ്യമായിരുന്നു, അവർ "ചെയ്തതും" ചെയ്യാത്തതും പറയേണ്ടിയിരുന്നു. അവരുടെ തെറ്റുകൾ സമ്മതിച്ച് അവർ ചോദിക്കേണ്ടിയിരുന്നു, "ഞങ്ങൾ എന്തു ചെയ്യണം?" അവർക്ക് ഡസൻ കണക്കിനു ചോദ്യങ്ങൾ ചോദിക്കുവാൻ ഉണ്ടാ

യിരുന്നു.

തന്റെ ശിഷ്യന്മാരെ ക്രിസ്തു സഹായിക്കുവാൻ ശ്രമിച്ചപ്പോൾ പോലും, പുരുഷാരം അവരെ വീണ്ടും തിക്കിതിരക്കി. അവിടെ "വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ, അവർക്കു ഭക്ഷിപ്പാൻപോലും സമയം ഇല്ലാതിരുന്നു" (മർക്കൊസ് 6:31)[45] – അവരുടെ ഒന്നാമത്തെ പ്രസംഗ സന്ദർശനം കഷ്ടിച്ച് അവസാനിപ്പിച്ചു.

**ഒരു ദുഃഖ വിവരണം**

യോഹന്നാൻ മരിച്ചശേഷം, ദുഃഖിതരായ അവന്റെ ശിഷ്യന്മാരെ അവന്റെ ശരീരം കൊണ്ടുപോയി അടക്കുവാൻ അനുവദിച്ചു (മർക്കൊസ് 6:29; മത്തായി 14:12 നോക്കുക). അതേസമയം അവന്റെ അപ്പൊസ്തലന്മാർ വന്നതിനെ കുറിച്ചും, അവർ യേശുവിനോടു പറഞ്ഞു (മത്തായി 14:12).

**അനുകൂലമായ ഒരു പിൻവലിയൽ**

"അതു കേട്ടിട്ടു യേശു" (മത്തായി 14:13), അവൻ തന്റെ ശിഷ്യന്മാരോടു[46] ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്ന് അൽപം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു (മർക്കൊസ് 6:31). ആ പിൻവലിയൽ രണ്ടുദ്ദേശങ്ങൾക്കുവേണ്ടിയായിരുന്നു. ഒന്നാമതായി, അത് ക്രിസ്തുവിനെയും അവന്റെ അനുയായികളെയും ഹേരോദാവിന്റെ പ്രദേശത്തുനിന്ന് മാറ്റുവാൻ സഹായകമാണ്. അന്നുമുതൽ, യേശു വളരെ കുറച്ചു സമയം മാത്രം ഗലീലയിൽ ചിലവഴിച്ചു. അവൻ ഇടയ്ക്കിടക്ക് ചുരുങ്ങിയ സന്ദർശനം നടത്തേണ്ടതിന് തിരിച്ചുവരുമായിരുന്നു, എന്നാൽ ആ പ്രദേശത്തുള്ള അവന്റെ അധികം ജോലിയും അപ്പോൾ പൂർത്തിയാക്കിയിരുന്നു.

രണ്ടാമതായി, ആ പിൻവാങ്ങൽ കൊണ്ട് ക്രിസ്തുവിന് തന്റെ ശിഷ്യന്മാരുമായി[47] തനിച്ച് ചിലവിടുവാൻ സമയം ലഭിച്ചു. പ്രയാസമുള്ള യാത്ര കഴിഞ്ഞാണ് അവർ എല്ലാവരും എത്തിയിരിക്കുന്നത്, അതുകൊണ്ടു അവരുടെ ശരീരങ്ങൾക്ക് വിശ്രമം ആവശ്യമായിരുന്നു (മർക്കൊസ് 6:31). കൂടാതെ, കർത്താവിനോടൊത്തുള്ള സമയം തങ്ങളുടെ ആദ്യ പ്രസംഗ സന്ദർശനത്തിലുണ്ടായ സംഭവങ്ങളെ കൈകാര്യം ചെയ്യേണ്ടതിന് അവന്റെ സഹായം ലഭിക്കുവാൻ ഉപകരിച്ചു.

ഒരിക്കൽ കൂടെ, അവർ ഗലീലാ കടലിന്നക്കരെ[48] കിഴക്കോട്ട് സഞ്ചരിച്ചു. "ഒരു ഏകാന്ത സ്ഥലത്തേക്ക്" അവർ പോയി എന്നാണ് മത്തായിയും മർക്കൊസും പറഞ്ഞത് (മത്തായി 14:13; മർക്കൊസ് 6:31), എന്നാൽ ലൂക്കൊസ് സൂചിപ്പിച്ചത് അവർ "ബേത്ത്സയിദ എന്ന പട്ടണത്തിലേക്ക്" തനിച്ചുവാങ്ങിപ്പോയി എന്നാണ് (ലൂക്കൊസ് 9:10). കടലിനടുത്ത്[49] ചുരുങ്ങിയത് ബേത്ത്സയിദ എന്നു പേരുള്ള രണ്ടു പട്ടണങ്ങൾ ഉണ്ടായിരുന്നു. കഫർന്നഹൂമിനടുത്തുള്ള ഒന്ന് നാം പരിചയപ്പെട്ടുകഴിഞ്ഞു (മർക്കൊസ് 6:45).[50] മറ്റൊന്നിലേക്കാണ്, ഇപ്പോൾ യേശുവും പന്ത്രണ്ടുപേരും യാത്ര പോയത്, അത് ഗലീലാ കടലിന്റെ വടക്കുകിഴക്കുള്ള ഒരു ഗ്രാമമായിരുന്നു. അതിന്റെ മുഴുവൻ പേര് ബേത്ത്സയിദ-യൂലിയാസ്[51] എന്നായിരുന്നു. തീർച്ചയായും, അവരുടെ ലക്ഷ്യസ്ഥാനം ടൗണിൽനിന്ന് അകലെ അല്ലാത്ത, കടൽക്കരയിലെ ഒരു നിർജ്ജന പ്രദേശമായിരുന്നു.

### ഉപസംഹാരം

അടുത്ത പ്രാവശ്യം ആ വേദഭാഗം നാം പഠിച്ചുതുടങ്ങുമ്പോൾ, ക്രിസ്തുവിനെയും അപ്പൊസ്തലന്മാരെയും കാത്തിരുന്ന പുരുഷാരത്തിന്റെ സംഭവവും, വിശ്രമത്തിനുള്ള ശ്രമം പരാജയപ്പെടുന്നതും നാം കാണും. ഈ പഠനഭാഗം നാം അവസാനിപ്പിക്കുമ്പോൾ, നമ്മുടെ പാഠത്തിൽ നിന്ന് അഞ്ചു പ്രധാന ചിന്തകൾ ഞാൻ എടുത്തുപറയട്ടെ:

(1) ''കൊയ്ത്തുവളരെയുണ്ട്, വേലക്കാരോ ചുരുക്കം'' എന്നതു ഇപ്പോഴും വാസ്തവമാണ് (മത്തായി 9:37). നമ്മുടെ ദൈവം ക്ഷണിക്കുന്നതുകൊണ്ട്, നമുക്ക് പ്രതികരിക്കാം.

(2) ദൈവമാണ് "കൊയ്ത്തിന്റെ യജമാനൻ" (മത്തായി 9:38) എന്നും വർദ്ധനവു തരുന്നതു അവനാണ് എന്നുമുള്ളത് ഇപ്പോഴും വാസ്തവമാണ് (1 കൊരിന്ത്യർ 3:6; കെജെവി). ദൈവം നമ്മളെ അനുഗ്രഹിക്കുമെന്നുള്ളതുകൊണ്ട്, നമുക്ക് എരിവുള്ളവരായിരിക്കാം.

(3) നമുക്ക് "സൗജന്യമായി ... ലഭിച്ചു," അതുകൊണ്ട് നാം "സൗജന്യമായി കൊടുപ്പിൻ" എന്നുള്ളത്, ഇപ്പോഴും വാസ്തവമാണ് (മത്തായി 10:8). ദൈവം നമ്മെ കരുതുന്നതുകൊണ്ട്, നമുക്ക് ഔദാര്യത പഠിക്കാം.

(4) ആത്മിയ വിജയം "ദുഷ്ടാത്മസേന" യിൽ നിന്ന് അപകടവും വരുത്തുന്നു എന്നത് ഇപ്പോഴും വാസ്തവമാണ് (എഫെസ്യർ 6:12). നമ്മുടെ ദൈവം സുരക്ഷിതത്വം നൽകുമെന്നതുകൊണ്ട്, നമുക്ക് ധൈര്യത്തോടെയിരിക്കാം.

(5) പരീക്ഷണങ്ങൾ വരുമ്പോൾ, ദൈവം നമുക്ക് നീക്കുപോക്കു വരുത്തും എന്നത്, ഇപ്പോഴും വാസ്തവമാണ് (1 കൊരിന്ത്യർ 10:13) – അതു ഗലീലാ കടലിന്റെ അപ്പുറത്തായാൽ പോലും. നമ്മുടെ ദൈവം നൽകുന്നതുകൊണ്ട്, നമുക്ക് വിശ്വസ്തരായിരിക്കാം.

നമ്മുടെ പഠനങ്ങൾ നമ്മെ യേശുവിനോടു കൂടുതൽ അടുക്കുവാനും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ബലപ്പെടുത്തുവാനും സഹായിക്കുമെന്നാണ് എന്റെ പ്രാർത്ഥന.

### പ്രസംഗ കുറിപ്പുകൾ

ഈ പാഠത്തോടു അനുബന്ധിച്ച്, എന്റെ സാധാരണ നടപടിക്ക് വ്യത്യാസം വരുത്തുവാൻ പോകുന്നു. ഈ വേദഭാഗത്തോട് ബന്ധപ്പെടുത്തി ഒരു പ്രസംഗത്തിനു പകരം, ഞാൻ രണ്ടെണ്ണം ഉൾപ്പെടുത്തുന്നു. ഒന്നാമത്തേത് മത്തായി 10–ൽ യേശു തന്റെ അപ്പൊസ്തലന്മാർക്ക് നിർദ്ദേശങ്ങൾ നൽകുന്നതാണ്; അത് ഈ പുസ്തകത്തിൽ അടുത്ത പാഠമായി വരുന്നു. രണ്ടാമത്തേത് യോഹന്നാന്റെ മരണവുമായി ബന്ധപ്പെട്ടതാണ്, അത് മത്തായി 14–ൽ രേഖപ്പെടുത്തിയിട്ടുള്ള വേദഭാഗങ്ങളാണ്. അത് യോഹന്നാന്റെ ജീവിതത്തിന്റെ ചുരുക്കവും അത് അടുത്ത പുസ്തകത്തിലെ ആദ്യത്തെ പ്രസംഗവും ആയിരിക്കും.

മത്തായി 10–ലെ മറ്റൊരു സമീപനം ''നഷ്ടപ്പെട്ട ആടി'' നെ (യെഹൂദന്മാർ) യഥാസ്ഥാനപ്പെടുത്തുന്ന വെല്ലുവിളിയെ ഇന്ന് "സത്യത്തിൽ നിന്ന് അകന്നുപോയവരെ" യഥാസ്ഥാനപ്പെടുത്തുന്ന ആവശ്യവുമായി താരതമ്യം ചെയ്യുക (അവിശ്വസ്തരായ ക്രിസ്ത്യാനികൾ; യാക്കൊബ് 5:19, 20; ഗലാത്യർ 6:1 നോക്കുക). മഹത്തായ ആജ്ഞക്കു (പാപത്തിൽ ജീവിക്കുന്ന

വരിലേക്കു സുവിശേഷം എത്തിക്കുന്നതു) ശ്രമിക്കുന്നതിനു മുൻപു "പരിമിതമായ ആജ്ഞ" (തെറ്റിപ്പോയ ക്രിസ്ത്യാനികളെ യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കുക) നാം നിറവേറ്റേണ്ടതായിട്ടുണ്ടെന്ന് പറയപ്പെട്ടിട്ടുണ്ട്.

യോഹന്നാന്റെ മരണത്തെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളെ കുറിച്ച് ഒരു പ്രസംഗം നടത്താം.

---

കുറിപ്പുകൾ

[1]മത്തായി 10:2–4 ന്റെ കൂടുതൽ പഠനത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "കാറ്റ് ഉരുണ്ടുകൂടൽ," എന്ന പാഠം നോക്കുക. [2]നിങ്ങൾ അനുയോജ്യമായ സ്ഥലത്താണു താമസിക്കുന്നതെങ്കിൽ, "അവസാന സന്ദർശനം" നടത്തുന്ന സംഗീത ട്രൂപ്പുകളെ സൂചിപ്പിക്കാം. ചിലപ്പോൾ അത് അവരുടെ അവസാന യാത്ര ആയിരിക്കാം. ചിലപ്പോൾ അത് ആളുകളെ അവരുടെ വശത്തേക്ക് ആകർഷിക്കുവാനുള്ള ഒരു പരസ്യ അടവായിരിക്കാം. തീർച്ചയായും, ഇത് ആ പ്രദേശത്തേക്കുള്ള യേശുവിന്റെ അവസാന സന്ദർശനം ആയിരുന്നു. [3]"ക്രിസ്തുവിന്റെ ജീവിതം 1–ൽ" ഹെരോദാവിനെ കുറിച്ചുള്ള വിവരങ്ങൾ കൊടുത്തിരിക്കുന്ന പേജുകൾ നോക്കുക. [4]"തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ, ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു" (മത്തായി 14:21). [5]"ഇടയനില്ലാത്ത ആടുകൾ" എന്ന പ്രയോഗം അവരുടെ ഏറ്റവും വലിയ ആത്മീയ ആവശ്യത്തെ വ്യക്തമായി സൂചിപ്പിക്കുന്നതായിരുന്നു. ഇടയനില്ലാത്ത ആടുകൾ സഹായമില്ലാത്തതും, പോഷണമില്ലാത്തതും, സംരക്ഷണം ഇല്ലാത്തതും ആയിരുന്നു. [6]ദൈവമാണ് "കൊയ്ത്തിന്റെ യജമാനൻ" കാരണം അവനാണ് "വളരുമാറാക്കിയതു" (1 കൊരിന്ത്യർ 3:6, 7). [7]*ക്രിസ്തുവിന്റെ ജീവിതം, 3* എന്ന പുസ്തകത്തിലെ "അധികാരമുള്ളവനെപോലെ," എന്ന പാഠം നോക്കുക. [8]*ക്രിസ്തുവിന്റെ ജീവിതം, 4* എന്ന പുസ്തകത്തിലെ "തിരക്കുള്ള ഒരു ദിവസം" എന്ന പാഠത്തിനുള്ള മുഖവുര നോക്കുക. [9]ഈ ആശയത്തെ എന്റെ പ്രദേശത്ത് പ്രകടിപ്പിക്കുന്ന പദപ്രയോഗം "അവരുടെ ചിറകുകൾ കൊണ്ട് അവർ പരിശ്രമിക്കട്ടെ" എന്നാണ്. പക്ഷികളെ പരിചയമുള്ളവർക്ക് ആ ആശയം മനസ്സിലാകും. [10]ശിഷ്യന്മാരുടെ സ്വന്തം സ്ഥലത്തെയും ആ പ്രയോഗം സൂചിപ്പിക്കുവാൻ സാധ്യതയുണ്ട്.

[11]ഇവിടെ നൽകിയതായ നിർദ്ദേശവും യേശു എഴുപതുപേരെ അയച്ചപ്പോൾ നൽകിയ നിർദ്ദേശവും തമ്മിൽ താരതമ്യം ചെയ്യുന്നത് വിലയുള്ളതാണ് (ലൂക്കൊസ് 10:1–16). [12]ഈ പരിമിതി കാരണം, മത്തായി 10–നെ "പരിമിത ആജ്ഞ" എന്നു വിളിച്ചിരിക്കുന്നതു മത്തായി 28:18–20 നു വിപരീതമായിട്ടാണ്, അതാണു "മഹത്തായ ആജ്ഞ" (*എല്ലാവർ*ക്കും) നൽകുന്നത്. [13]അവർ തങ്ങളുടെ പ്രസംഗത്താൽ യേശുവിന്റെ നാമം ആ പ്രദേശം മുഴുവൻ വ്യാപിപ്പിച്ചു എന്ന വസ്തുത അതിൽ അടങ്ങിയിരിക്കുന്നു (നോക്കുക മത്തായി 14:1; മർക്കൊസ് 6:13, 14). [14]രോഗികളെ സൗഖ്യമാക്കുന്ന അത്ഭുത ശക്തിയോടുബന്ധപ്പെട്ടതാണ് മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള കഴിവ്. അതു സ്ഥിരീകരിക്കുവാൻ, അത്ഭുതരോഗശാന്തി അവകാശപ്പെടുന്നവർ മരിച്ചവരെയും ഉയർപ്പിക്കേണ്ടതാണ്. [15]മൂന്ന് വിവരണങ്ങളിലെയും നിർദ്ദേശങ്ങൾ താരതമ്യം ചെയ്യുമ്പോൾ, അവ സൂചിപ്പിക്കുന്നത് അവരെ ഓരോ വസ്ത്രമെടുക്കുവാൻ അനുവദിച്ചിരുന്നു എന്നാണ്, എന്നാൽ അതിനുപകരം മറ്റൊന്നും പാടില്ല. കൂടാതെ, അവർ പണമോ മറ്റൊന്നും എടുക്കുവാൻ അനുവദിച്ചിരുന്നില്ല. അതു ചുരുങ്ങിയ ആഴ്ച്ചകളിലേക്കുള്ള യാത്ര ആയിരുന്നുവെന്നും അവർ പോയിരുന്നത് അതിഥി സൽക്കാരം ആചരിച്ചിരുന്നവരുടെ അടുക്കലേക്ക് ആയിരുന്നുവെന്നും ഓർമ്മിക്കുക. ആ വിലക്കുകൾ എല്ലാ പ്രസംഗ യാത്രയ്ക്കും ബാധകമാ

യിരുന്നില്ല (നോക്കുക ലൂക്കൊസ് 22:35, 36). [16]ഈ പുസ്തകത്തിലെ അനുബന്ധ ഭാഗത്ത് വരുന്ന "യേശുവിന്റെ പരിമിത ആജ്ഞയിലെ കുറിപ്പുകൾ" നോക്കുക. [17]സ്നാനത്തിനു മുൻപ് വിശ്വാസം ഏറ്റുപറയുന്നതുമായുള്ള ബന്ധത്തിൽ ചിലപ്പോൾ ഈ വാക്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. ആ വാക്യങ്ങളിലെ വാഗ്ദാനങ്ങൾ ആ ഏറ്റുപറച്ചിലിനെ ബാധിക്കുന്നതാണ്, എന്നാൽ നമ്മുടെ യേശുവിനെ ഏറ്റുപറച്ചിൽ ആ ഒരൊറ്റ പരസ്യവിശ്വാസ ഏറ്റുപറച്ചിൽ കൊണ്ട് അവസാനിക്കുന്നില്ല എന്നു നാം മനസ്സിലാക്കണം. [18]"സകല ഭൂതങ്ങളുടെ മേലും അവൻ അവർക്കു ശക്തിയും അധികാരവും കൊടുത്തു" എന്ന് ലൂക്കൊസ് ക്രിസ്തുവിനെ കുറിച്ച് എഴുതി (ലൂക്കൊസ് 9:1). [19]ആ പറഞ്ഞ വാക്യങ്ങളെ സംബന്ധിച്ച് ഉള്ള നല്ല വ്യാഖ്യാനം നൽകുന്നതാണ് പ്രവൃത്തികളുടെ പുസ്തകം. [20]പരിമിത ആജ്ഞയെ കുറിച്ചു പഠിക്കുവാനുള്ള കൂടുതൽ സഹായങ്ങളെ കുറിച്ച് കുറിപ്പ് 11–ൽ പറഞ്ഞിരിക്കുന്നു.

[21]മഹത്തായ ആജ്ഞ മർക്കൊസ് 16:15, 16–ലും തന്നിട്ടുള്ളതുകൂടാതെ ലൂക്കൊസ് 24:46, 47–ൽ അതിനെ ചെറുതായി സൂചിപ്പിച്ചിട്ടുമുണ്ട്. [22]അമേരിക്കയിൽ ഉള്ളവർക്ക് "ജസ്റ്റ് ഡു ഇറ്റ്!" എന്ന മുദ്രാവാക്യത്തോടുകൂടി നൈക്ക് വ്യവസായകരെ വേണമെങ്കിൽ സൂചിപ്പിക്കാം. [23]പൗലൊസ് കൊരിന്തിൽ വേല ചെയ്തുകൊണ്ടിരുന്നപ്പോൾ മറ്റു സഭകളിൽ നിന്ന് ചില സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ചിരുന്നു (ഫിലിപ്പിയർ 4:15). [24]ഈ പുസ്തകത്തിൽ ഇനി വരുന്ന പ്രസംഗമായ, "രാജാവും അവന്റെ സ്ഥാനാപതികളും," മത്തായി 10–ലെ ഇന്നും പ്രായോഗികമായ ചില നിർദ്ദേശങ്ങളെ കുറിച്ചു പറയുന്നു. നിങ്ങൾക്കുവേണമെങ്കിൽ അതിൽ ചിലത് ഈ പാഠത്തിൽ സൂചിപ്പിക്കാം. [25]അതുപോലെയുള്ള ഒരു യാത്രക്കു പിന്നീടു അയച്ച ആ എഴുപതു പേരുടെ ആവേശം നോക്കുക (ലൂക്കൊസ് 10:17). [26]*ക്രിസ്തുവിന്റെ ജീവിതം, 3*–ലെ "ഹെരോദാവുമാരിൽ ചിലർ" എന്നതു നോക്കുക. [27]ഇതിനെ മത്തായി 16:13, 14–മായി താരതമ്യം ചെയ്യുക. യേശുവിനെ മശിഹയായി യെഹൂദന്മാർ കരുതിയില്ല, കാരണം അവർ പ്രതീക്ഷിച്ചത് മശിഹ വരുന്നത് "ജയാഘോഷത്തോടെ" ആയിരിക്കും എന്നാണ്; എന്നാൽ അവർ അവനെ ഒരു പ്രവാചകനായിട്ടു കാണുവാൻ തയ്യാറായിരുന്നു. വർഷങ്ങളായി, ആളുകൾക്ക് യേശുവിനെ പൂർണ്ണമായി വിലയിരുത്തുന്നതിൽ പാളിച്ചയുണ്ടായിട്ടുണ്ട്. [28]തീർച്ചയായും, ഇവർക്ക് യേശുവും യോഹന്നാനും ഒരേ സമയത്തു ആയിരുന്നോ ശുശ്രൂഷിച്ചതെന്ന് അറിയുവാൻ കഴിഞ്ഞില്ല. അജ്ഞത ഒരിക്കലും ആളുകളുടെ ഊഹത്തിനെ തടസ്സപ്പെടുത്തിയിട്ടില്ല. [29]അവന്റെ ജീവിതകാലത്ത്, യോഹന്നാൻ അത്ഭുതമൊന്നും ചെയ്തില്ല (യോഹന്നാൻ 10:41); എന്നാൽ ചിലർ വിശ്വസിച്ചിരുന്നത് ഒരാൾ മരിച്ചവരിൽ നിന്നു എഴുന്നേൽക്കുകയാണെങ്കിൽ, അയാൾക്ക് അമാനുഷ ശക്തി ഉണ്ടെന്നാണ്. [30]മത്തായി 14:13 പറയുന്നതു യേശു യോഹന്നാന്റെ മരണത്തെ കുറിച്ചു കേട്ടിട്ട്, അവൻ ഗലീലാ കടൽ കടന്ന് പിൻവാങ്ങിപോയി എന്നാണ് (അവിടെ അവൻ അയ്യായിരം പേരെ പോഷിപ്പിച്ചു). മർക്കൊസ് 6:30–32 പറയുന്നതു ശിഷ്യന്മാർ അവരുടെ ഗലീലാ സന്ദർശനം കഴിഞ്ഞു തിരിച്ചുവന്ന ഉടനെ, അവർ കടലിന്റെ അക്കരെക്കു പിൻവാങ്ങിപോയി എന്നാണ്. വിവരണങ്ങളെ താരതമ്യം ചെയ്യൽ സൂചിപ്പിക്കുന്നത് യേശുവും അവന്റെ ശിഷ്യന്മാരും മൂന്നാമത്തെ ഗലീലാ സന്ദർശനം നടത്തുമ്പോൾ യോഹന്നാൻ കൊല്ലപ്പെട്ടിരുന്നു എന്നാണ്, ആ വിവരം ക്രിസ്തുവിന്റെ അടുക്കൽ എത്തിയപ്പോൾ അവരുടെ യാത്ര അവസാനിക്കുകയും ചെയ്തിരുന്നു.

[31]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ഞങ്ങൾ അവന്റെ തേജസു കണ്ടു," എന്ന പാഠം നോക്കുക. [32]ഹെരോദാവിന്റെയും (ഹെരോദാ അന്തിപ്പാസ്), ഫിലിപ്പൊസിന്റെയും (ഹെരോദാവു ഫിലിപ്പൊസ് I), ഹെരോദ്യയുടെയും ബന്ധത്തെ കുറിച്ച്, *ക്രിസ്തുവിന്റെ ജീവിതം, 2*–ലെ "ഹെരോദാവുമാരിൽ ചിലർ" എന്ന പാഠം നോക്കുക. [33]അടുത്ത ബന്ധത്തിലുള്ളവരുമായുള്ള വിവാഹം ന്യായപ്രമാണം വിലക്കിയിരുന്നു (നോക്കുക

ലേവ്യാപുസ്തകം 18:1–18; 20:11–21). അതുപോലെ ഒരാൾ തന്റെ സഹോദരന്റെ ഭാര്യയെ സഹോദരൻ ജീവിച്ചിരിക്കുമ്പോൾ വിവാഹം കഴിക്കുന്നതും വിലക്കിയിരുന്നു (ലേവ്യാപുസ്തകം 18:16; ആവർത്തനപുസ്തകം 25:5–10). [34]യോഹന്നാൻ എപ്പോൾ എങ്ങനെ ആ സന്ദേശം എത്തിച്ചു എന്നു നമുക്ക് അറിയില്ല. [35]പ്രവൃത്തികൾ 24:24–26 ൽ ഫേലിക്സ് പൗലൊസിനെ കേൾക്കുന്നതിന്റെ വിവരണവുമായി ഈ വിവരണത്തെ താരതമ്യം ചെയ്യുക. [36]അക്കാലത്തെ അന്യദേവന്മാരെ വണങ്ങിയിരുന്നവരുടെ വിരുന്നിനെ കുറിച്ചുള്ള പൊതുവായ വിവരവും, ഹെരോദാവുമാരുടെ ധാർമ്മികനിലവാരത്തെ കുറിച്ചുള്ള അറിവും വെച്ചുകൊണ്ടു, ഏതു വിധമായിരിക്കും അവരുടെ വിരുന്ന് എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. [37]അത്തരം സന്ദർഭങ്ങളിലെ "വിനോദ" ത്തിന്റെ സ്വഭാവത്തെ കുറിച്ച് ലൗകിക എഴുത്തുകാരിൽനിന്ന് നമുക്ക് അറിയാം. ശലോമിയുടെ പ്രകടനത്തെ അന്നത്തെ പ്രചാരത്തിലുള്ള ഗ്രന്ഥത്തിൽ പറയുന്നത് "ദ ഡാൻസ് ഓഫ് ദ സെവെൻ വെയിൽസ്" എന്നാണ്. [38]"ഒരു തരം വന്നു" എന്നാണ് മർക്കൊസ് 6:21 പറയുന്നത്. *ഹെരോദ്യ*യുടെ തന്ത്രത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. അവളുടെ മകളുടെ നൃത്തം ആ തന്ത്രത്തിന്റെ ഭാഗമായിരുന്നു. ഭർത്താവിന്റെ മോഹം ഹെരോദ്യക്ക് നന്നായി അറിയാമായിരുന്നു. [39]പൂർവ്വദേശ രാജാക്കന്മാർ അത്തരം അതിരുകവിഞ്ഞ വാഗ്ദാനങ്ങൾ നടത്തുക സാധാരണയായിരുന്നു (നോക്കുക എസ്ഥേർ 5:3, 6; 7:2) – എന്നാൽ അത്തരം വാഗ്ദാനങ്ങൾ മുതലെടുത്തിരുന്നവരോട് ഭരണകർത്താക്കൾ ദയവു കാണിച്ചിരുന്നില്ല. [40]കോടീശ്വരനായിരുന്ന ഹോവാർഡ് ഹൂഗ്സ് അടുത്തു തന്നെ വിവാഹിതനാകുവാൻ ഇരുന്ന ഒരു യുവാവിനോട് "അവനു ഇഷ്ടമുള്ള എന്തെങ്കിലും" ചോദിക്കുവാൻ ആവശ്യപ്പെട്ടതായ ഒരു കഥയുണ്ട്. ഹൂഗ്സിനെ വിസ്മയിപ്പിച്ച ഒരു ഉപദേഷ്ടാവിന്റെ മകനായിരുന്നു ആ യുവാവ്. ഉപദേഷ്ടാക്കന്മാർ ഈ കഥ ഒരു ചിത്രീകരണമായി ഉപയോഗിച്ച്, ചോദിക്കും, "നിങ്ങളോട് ഹൂഗ്സ് എന്തെങ്കിലും ചോദിക്കുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ എന്തു ചോദിക്കും?" ആ കഥയിലെ യുവാവ്, വെള്ളി പാത്രങ്ങളായിരുന്നു ആവശ്യപ്പെട്ടത്. നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള ഒരു പണക്കാരനെ സൂചിപ്പിച്ച് നിങ്ങൾക്കു വേണമെങ്കിൽ പറയാം, "അയാൾ നിങ്ങളോടു എന്തെങ്കിലും ചോദിക്കുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ എന്തു പറയും?"

[41]ശലോമി എന്തു ചോദിക്കണമെന്നതിനെ സംബന്ധിച്ചു അവളെ നേരത്തെ ഹെരോദ്യ മുന്നറിയിച്ചിരുന്നു എന്നു മത്തായിയുടെ വിവരണം സൂചിപ്പിക്കുന്നു, എന്നാൽ മർക്കൊസിന്റെ വിവരണം സൂചിപ്പിക്കുന്നത് വാഗ്ദാനം നല്കിയശേഷം ശലോമി അമ്മയുടെ അടുക്കൽ പോയി ചോദിച്ചു എന്നാണ് (മർക്കൊസ് 6:24). സംഭവത്തിന്റെ കൃത്യമായ ക്രമം അപ്രധാനമാണ്. ശലോമി അമ്മയുടെ അടുക്കൽ പോയി ചോദിച്ചു എന്നത് അവർ മുൻകൂട്ടി പദ്ധതി തയ്യാറാക്കിയതാണെന്നു മനസിലാക്കാതിരിപ്പാനുള്ള ഒരു നാടകാഭിനയമായിരിക്കാം എന്നതിനും സാധ്യതയുണ്ട്. [42]വിശ്വാസവഞ്ചകർ മറ്റുള്ളവരിലും വിശ്വാസവഞ്ചന സംശയിക്കും. [43]അവന്റെ പിതാവ്, മഹാനായ ഹെരോദാവ്, യേശു ജനിച്ചതു കേട്ട് എങ്ങനെ പ്രതികരിച്ചു എന്നതു പരിഗണിക്കുക (മത്തായി 21:3, 13). [44]യേശുവിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനവും, അവന്റെ യാത്ര അവസാനിപ്പിക്കാറുള്ള സ്ഥലവുമായിരുന്ന കഫർന്നഹൂമിലേക്കായിരിക്കാം അവർ മടങ്ങി വന്നത്. [45]ഇതിനെ മർക്കൊസ് 3:20–മായി താരതമ്യം ചെയ്യുക. [46]മത്തായിയുടെ വിവരണം പറയുന്നത് യേശു "അവിടം വിട്ട് ... വേറിട്ടു വാങ്ങിപ്പോയി" എന്നാണ് (മത്തായി 14:13), എന്നാൽ മർക്കൊസിന്റെ വിവരണം പറയുന്നു, "അവർ [യേശുവും അപ്പൊസ്തലന്മാരും] ഒരു ... ഏകാന്ത സ്ഥലത്തുവേറിട്ടു പോയി" എന്നാണ് (മർക്കൊസ് 6:32). ഈ രണ്ടു ചിന്താവിഷയങ്ങളെയും യോജിപ്പിച്ചുകൊണ്ടാണ് ലൂക്കൊസ് വിവരിക്കുന്നത്: "അവൻ അവരെ [ആ പന്ത്രണ്ടുപേരെ] കൂട്ടിക്കൊണ്ട്, തനിച്ചു വാങ്ങിപോയി" എന്നാണ് (ലൂക്കൊസ് 9:10). [47]അമേരി

ക്കയിലാണെങ്കിൽ, ഞങ്ങൾ പറയും ആ നിമിഷങ്ങൾ യേശുവിനു തന്റെ ശിഷ്യന്മാരുമായി "ഗുണമുള്ള" "ധാരാളം" സമയം നൽകി എന്നാണ്. [48]കടലിന്റെ കിഴക്കേ തീരത്തേക്ക് മുൻപു നടത്തിയ യാത്രയെ കുറിച്ച് അറിയുവാൻ, മർക്കൊസ് 4:35–5:21 വായിക്കുക. [49]ഇതിന്റെ തെളിവായി, ലൂക്കൊസ് 9:10 നോക്കുക. യേശുവും അവന്റെ ശിഷ്യന്മാരും കടലിന്റെ കിഴക്കുള്ള ഒരു ബേത്ത്സെയിദയിലേക്ക് യാത്ര ചെയ്തു; എന്നാൽ അവിടെ അവർ കുറെ സമയം ചെലവഴിച്ച ശേഷം, ക്രിസ്തു തന്റെ ശിഷ്യന്മാരെ കടലിന്റെ മറുകരയിലുള്ള മറ്റൊരു ബേത്ത്സെയിദയിലേക്ക് *തിരിച്ച്* അയച്ചു (മർക്കൊസ് 6:45). [50]ഫിലിപ്പൊസ് (പിന്നീട് അപ്പൊസ്തലനായി തീർന്ന ആൾ) ബേത്ത്സെയിദക്കാരനായിരുന്നു എന്നു നാം മുൻപു കണ്ടു (യോഹന്നാൻ 1:44; 12:21), അതേ ബേത്ത്സെയിദയെ "പത്രൊസിന്റേയും അന്ത്രയൊസിന്റേയും പട്ടണം" എന്നും വിളിച്ചിട്ടുണ്ട് (യോഹന്നാൻ 1:44). ആ ബേത്ത്സെയിദ ഒരുപക്ഷെ കഫർന്നഹൂമിനടുത്തുള്ള, യോർദ്ദാന്റെ പടിഞ്ഞാറു സ്ഥിതി ചെയ്തതാകാം.

[51]"യേശുവിന്റെ കാലത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക.